(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സംവരണക്രമം പാലിച്ചു കൊണ്ട് നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ സ്ഥാപനമേലധികാരികൾ നേരിട്ട് നിയമനം നടത്തുന്നത് അവസാനിപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 39088 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സംവരണക്രമം പാലിച്ചു കൊണ്ട് നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ സ്ഥാപനമേലധികാരികൾ നേരിട്ട് നിയമനം നടത്തുന്നത് അവസാനിപ്പിക്കുവാൻ പരമാവധി ശ്രമം നടത്തി വരികയാണ്. ആയതിന്റെ ഭാഗമായി സർക്കാരിന്റെ 25-10-2004-ലെ 11887/ജി2/03 തൊഴിൽ നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുള്ള ഒഴിവുകൾ നികത്തുന്നത്, ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ സി.എൻ.വി. ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് തലവൻമാരോടും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ തുടങ്ങിയവയുടെ തലവൻമാരോടും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും, തലവൻമാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ

17 [500] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവരം ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) എസ്.എസ്.എൽ.സി.-ക്കാർ, ബിരുദധാരികൾ, പ്രൊഫഷണൽ ഡിഗ്രി-ഡിപ്ലോമ, മറ്റ് കോഴ്സുകൾ എന്നിങ്ങനെ എത്രപേരുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെയായി എത്രപേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 38,00,224 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം
തിരുവനന്തപുരം	588869
കൊല്ലം	386352
ആലപ്പുഴ	347506
പത്തനംതിട്ട	144148
കോട്ടയം	242412
ഇടുക്കി	125182
എറണാകുളം	377338
തൃശ്ശൂർ	316358
പാലക്കാട്	265936
മലപ്പുറം	241508
കോഴിക്കോട്	363363
വയനാട്	79937
കണ്ണൂർ	229412
കാസറഗോഡ്	91903
ആകെ	38,00,224

(സി) എസ്.എസ്.എൽ.സി.-ക്കാർ, ബിരുദധാരികൾ, പ്രൊഫഷണൽ ഡിഗ്രി-ഡിപ്ലോമ, മറ്റ് കോഴ്സുകൾ എന്നിവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

എസ്.എസ്.എൽ.സി.	..	2261266
ബിരുദധാരികൾ	..	252768
പ്രൊഫഷണൽ ഡിഗ്രി	..	57936
ഡിപ്ലോമ	..	40495
മറ്റ് കോഴ്സുകൾ	..	117272

(ഡി) 5/2001 മുതൽ 10/2004 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ ലഭിച്ചവരുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

വർഷം	തൊഴിൽ ലഭിച്ചവരുടെ എണ്ണം
5/2001-12/2001 ..	9992
1/2001-12/2002 ..	11538
1/2003-12/2003 ..	10162
1/2004-10/2004 ..	7376

LIBRARY ARCHIVES Kerala Legislative Assembly